DESPATCHED
On. 12/06/2020

27/05/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1032(2)/2018/എസ്.ഐ.സി**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **4391**/എസ്.ഐ.സി-ജി 6/18)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.കെ.പ്രഭാകരൻ,
സ്വാശ്രയ, മട്ടാഞ്ചേരി,
കൊച്ചി – 682 002. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ& സ്റ്റേഷൻ ഹൗസ് ഓഫീസർ, ശാസ്താംകോട്ട പോലീസ് സ്റ്റേഷൻ, ശാസ്താംകോട്ട.
2. അപ്പീൽ അധികാരി, ശാസ്താംകോട്ട പോലീസ് സ്റ്റേഷൻ, ശാസ്താംകോട്ട.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 25.12.2017 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | – |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 24.01.2018 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | – |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 19.04.2018 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 26.04.2018 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 12.02.2020 കളക്ടറേറ്റ് കോൺഫറൻസ് ഹാൾ,കൊല്ലം |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.കെ.പ്രഭാകരൻ,

19.04.2018ന് സമർപ്പിച്ച അപ്പീൽ ഹർജി 26.04.2018ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.1032(2)/18/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും മറുപടി നൽകിയില്ലെന്നും രേഖകൾ ടി ഓഫീസിൽ ലഭ്യമല്ലാത്ത പക്ഷം ലഭ്യമായ ഓഫീസിലേയ്ക്ക് ടിയാന്റെ അപേക്ഷ 6(3) പ്രകാരം കൈമാറി ടിയാന് വിവരങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ടിരുന്നിട്ടും ടിയാന് ലഭ്യമായില്ലെന്നും ആയത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 25.12.2017ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, മാതൃഭൂമി ദിനപത്ര റിപ്പോർട്ടർ ഉണ്ണിത്താൻ വധശ്രമകേസിന്റെ എഫ്.ഐ.ആർ. പകർപ്പ് നൽകണമെന്നും പ്രതിപ്പട്ടികയിൽ ഉൾപ്പെട്ടവരുടെ പേര്, പ്രായം, വിലാസം, തൊഴിൽ എന്നിവ വ്യക്തമാക്കുന്ന രേഖയുടെ പകർപ്പ് നൽകണമെന്നും പ്രതികളിൽ റിമാന്റ് പ്രതികളുടെ പേരു വിവരം, സബ് ജയിലിൽ എത്ര ദിവസം റിമാന്റ് ചെയ്തുവെന്ന് വ്യക്തമാക്കുന്ന രേഖകളുടെ പകർപ്പ് എന്നു തുടങ്ങി 5 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് 22.01.2018ന് നൽകിയ മറുപടിയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട ശാസ്താംകോട്ട പോലീസ് സ്റ്റേഷൻ ക്രൈം 441/11-ാം നമ്പർ കേസ് **Order No.4894/CR/2011 Dtd 29.04.2011** പ്രകാരം **Superintendent of Police CBCID.EOW-1 Kollam** ത്തിന് തുടരന്വേഷണം നടത്തുന്നതിനായി ടി കേസിന്റെ സി.ഡി.ഫയൽ ട്രാൻസ്ഫർ ചെയ്തിട്ടുള്ളതിനാൽ ടിയാൻ ആവശ്യപ്പെട്ട 1 മുതൽ 5 വരെ ചോദ്യങ്ങളുടെ മറുപടി ഇപ്പോൾ നൽകാൻ നിർവ്വാഹമില്ലെന്നുമാണ്. തുടർന്ന് 24.01.2018ന് ഒന്നാം അപ്പീൽ സമർപ്പിച്ചതായും കാണുന്നു.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 12.02.2020ലെ റിപ്പോർട്ടും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും,

ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. ടിയാന് നൽകിയ മറുപടിയുടെ പകർപ്പ്, സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ എന്നിവ കമ്മീഷനിൽ ഹാജരാക്കുകയും ടിയാൻ ആവശ്യപ്പെട്ട ക്രൈം കേസ് സംബന്ധിച്ച വിവരങ്ങൾ 20.04.2011 തീയതിയിലെ കത്തു പ്രകാരം സൂപ്രണ്ട് ഓഫ് പോലീസ് സി.ബി.സി.ഐ.ഡി., ഇ.ഒ.ഡബ്ലിയു.-1 കൊല്ലത്തിന് ട്രാൻസ്ഫർ ചെയ്ത് കൊടുത്തിട്ടുള്ളതും അവിടെനിന്നും 27.05.2011ലെ സർക്കാർ ഉത്തരവു പ്രകാരം ടി കേസ്സ് സി.ബി.ഐ.യ്ക്ക് കൈമാറിയിട്ടുള്ളതാണെന്നും ട്രാൻസ്ഫർ ചെയ്തുപോകുന്ന കേസ്സുകളുടെ സി.ഡി.ഫയലുകളുടെ പകർപ്പുകൾ സ്റ്റേഷനിൽ സൂക്ഷിച്ചു വരാത്തതിനാലാണ് ടിയാന് രേഖകളുടെ പകർപ്പുകൾ നൽകാൻ കഴിയാത്തതെന്നും ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ടിയാന്റെ ഫയൽ വിവരങ്ങൾ നിക്ഷിപ്തമായ ഓഫീസിലേയ്ക്ക് ഒന്നാം എതിർകക്ഷി കൈമാറേണ്ടതായിരുന്നുവെന്ന് കമ്മീഷൻ വിലയിരുത്തുന്നു. ആകയാൽ ടിയാന്റെ അപേക്ഷ വിവരാവകാശ നിയമത്തിലെ വകുപ്പ് 6(3) പ്രകാരം പ്രസ്തുത ഓഫീസിലേയ്ക്ക് കൈമാറി ടിയാന് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന് കമ്മീഷൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു. കൂടാതെ ടിയാന്റെ അപ്പീൽ രണ്ടാം എതിർകക്ഷി തീർപ്പാക്കിയതായി കാണുന്നില്ല. ഒന്നാം അപ്പീൽ തീർപ്പാക്കാതിരുന്ന അപ്പീൽ അധികാരി ഈ ഉത്തരവ് ലഭിച്ച് 15 ദിവസത്തിനകം വിശദീകരണം നൽകണമെന്ന് കമ്മീഷൻ ഇന്നേദിവസം 2020 മേയ് 27-ാം തീയതി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★